# കേരള സർവകലാശാല

നം. പി.ആർ.018/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ദേശീയ സെമിനാർ.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം പാർശ്വവത്കൃത സമൂഹത്തിന്റെ പ്രതിനിധാനം ഭാരതീയ സാഹിത്യത്തിൽ എന്ന വിഷയത്തിൽ മാർച്ച് ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ ത്രിദിന ദേശീയ സെമിനാർ നടത്തുന്നു. ഗവേഷകർ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കു പങ്കെടുക്കാം. ഇവർ ഫെബ്രുവരി 15 ന് മുൻപ് പേര് രജിസ്റ്റർ ചെയ്യണം. പ്രബന്ധസംഗ്രഹം (ഒരു പുറത്തിൽ കവിയാതെ) ഓർഗനൈസിങ് സെക്രട്ടറി/കോ-ഓർഡിനേറ്റർ, വിദൂരവിദ്യാഭ്യാസ വിഭാഗം, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ 5-2-2017ന് മുൻപ് കിട്ടണം. കൂടുതൽ വിവരങ്ങൾക്ക് 9947092605, 9497457004, 9447218018 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### പുതുക്കിയ പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരിയിൽ തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബി.എസ്സി ബോട്ടണി (സി.ബി.സി.എസ്) പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സെറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാല 2015-16 വർഷത്തിൽ വിവിധ ബിരുദം/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് അർഹരാവയരുടെ താത്കാലിക ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. എന്തെങ്കിലും പരാതികളുള്ളവർ പ്രിൻസിപ്പൽമാർ മുഖാന്തിരം ജനുവരി 31-നകം സർവകലാശാല യിൽ അറിയിക്കണം. ജനുവരി 31-ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

### ബി.കോം ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ ബി.കോം (സി.ബി.സി.എസ്. - സപ്ലിമെന്ററി - 2013-ന് മുമ്പ് പ്രവേശനം നേടിയവർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധയ്ക്കും ഓൺലൈനായി ഫെബ്രുവരി 10 വരെ അപേക്ഷിക്കാം.

### എം.ഫിൽ (റഷ്യൻ) പരീക്ഷ

കേരള സർവകലാശാല 2015-16 ബാച്ച് എം.ഫിൽ (റഷ്യൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 28 (50 രൂപ പിഴയോടെ മാർച്ച് നാല്, 250 രൂപ പിഴയോടെ മാർച്ച് എട്ട്) വരെ ഫീസടയ്ക്കാം. തീസിസ് സമർപ്പിക്കാനുള്ള അവസാന തീയതി ഫെബ്രുവരി 28.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
24.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in